കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നെന്മണിക്കര ഗ്രാമപഞ്ചായത്ത്

## 2018-19

## ഓഡിറ്റ് റിപ്പോർട്ട്


ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി9) 1728/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ – 680 020

ഫോൺ : 0487-2331249

ഇ-മെയിൽ : dotsr.ksad@kerala.gov.in

തീയതി.12/03/2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നെന്മണിക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെന്മണിക്കര ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെൻമണിക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ 1-15, 1-19, 1-27 ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത

തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി9)1728/2019 തീയതി:12/03/2020

# തൃശ്ശൂർ ജില്ലയിലെ നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.04.2018 മുതൽ 17.09.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള 01.04.2018 മുതൽ 31.03.2019 വരെയുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശ

| വർഷം | തുക |
|---|---|
| 2015-16 | 23940 |
| 2016-17 | 19950 |
| 2017-18 | 21414 |
| 2018-19 | 64064 |
| ആകെ | 129368 |

ദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.മേരി ഹണി ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.09.2019 മുതൽ 27.09.2019 വരെ. (ശ്രീ.റഫി ജോൺ 30.09.19 വരെ തുടർന്നു) | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.റഫി ജോൺ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്) |
| | ശ്രീ.ശിവദാസൻ എ.കെ. | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ചൈതന്യ പുരുഷോത്തമൻ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജോയ്സൺ സി.ജെ | ഓഡിറ്റർ |
| | ശ്രീമതി.ധന്യ.എ.സുരേന്ദ്രൻ | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ഷീല മനോഹരൻ | 01/04/2018 മുതൽ 31/03/2019 വരെ |
| സെക്രട്ടറി | എം.വിജയലക്ഷ്മി | 01/04/2018 മുതൽ 31/03/2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരു വിവരം

| ഉദ്യോഗപേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | റാണി.ടി.ജി | 01/04/2018 മുതൽ 31/03/2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | അനു.പി.പ്രഭ | 01/04/2018 മുതൽ 21/03/2019 വരെ |
| | സിന്ധു.എം | 21/03/2019 മുതൽ 31/03/2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ഷീല വാസു | 01/04/2018 മുതൽ 31/03/2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | അജിത്ത് രാജ് | 01/04/2018 മുതൽ 31/03/2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ലെസ്ലി | 01/04/2018 മുതൽ 31/03/2019 വരെ |
| വെറ്ററിനറി സർജൻ | സുമി ചന്ദ്രൻ.പി | 01/04/2018 മുതൽ 31/03/2019 വരെ |
| വി.ഇ.ഒ (തലോർ സർക്കിൾ) | ബിന്ദു.കെ.കെ | 01/04/2018 മുതൽ 31/03/2019 വരെ |

| | | |
|---|---|---|
| വി.ഇ.ഒ<br>(നെന്മണിക്കര സർക്കിൾ) | സന്ദീപ്.എ.വി | 01/04/2018 മുതൽ<br>17/07/2018 വരെ |
| | ബിന്ദു.കെ | 18/07/2018 മുതൽ<br>13/08/2018 വരെ |
| | സന്ദീപ്.എ.വി | 14/08/2018 മുതൽ<br>31/03/2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | മനോജ്.എ.എസ് | 01/04/2018 മുതൽ<br>31/03/2019 വരെ |
| ഐ.സി.ഡി. എസ്<br>സൂപ്പർവൈസർ | ബിജിമോൾ.സി.എസ് | 01/04/2018 മുതൽ<br>31/03/2019 വരെ |
| ഡയറി എക്സ്റ്റൻഷൻ<br>ഓഫീസർ | മുഹമ്മദ് റീസ് | 01/04/2018 മുതൽ<br>31/03/2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ്/ റിവൈസ്ഡ് ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-8 |
| 9 | ക്ഷേമപദ്ധതികൾ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-12 |
| 13 | FACTEOS ലൈസൻസ് അപാകതകൾ | 1-13 |
| 14 | അങ്കണവാടിക്ക് സ്ഥലം വാങ്ങൽ-ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല. | 1-14 |
| 15 | ജീവനക്കാരുടെ ശമ്പള കുടിശിക-ആനുപാതിക പെൻഷൻ കോൺട്രിബ്യൂഷൻ തുക അടവാക്കിയില്ല | 1-15 |
| 16 | കുഴിച്ചെടുത്ത മണ്ണിന്റെ ഡിസ്പോസൽ എം ബുക്കിൽ ചേർത്തിട്ടില്ല | 1-16 |
| 17 | മരുന്നുകൾ ലഭ്യമായിട്ടില്ല-തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-17 |
| 18 | വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ-ശരിയായ വിഹിതം ഉറപ്പ് വരുത്തിയില്ല. | 1-18 |

| | | |
|---|---|---|
| 19 | പ്രളയാനന്തര കുടിവെള്ള വിതരണം - സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല | 1-19 |
| 20 | ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം ജല അതോറിറ്റിയുമായിച്ചേർന്ന് സംയുക്ത പരിശോധന നടത്തേണ്ടതാണ്. | 1-20 |
| 21 | മുൻകൂർ നൽകിയ തുകയുടെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-21 |
| 22 | കന്നുകുട്ടിപരിപാലനം-പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 1-22 |
| 23 | എഗ്രിമെന്റ് വെക്കാൻ അനുവദനീയ സമയപരിധിക്കുശേഷം പഞ്ചായത്ത് കമ്മിറ്റിയുടെ അനുവാദമില്ലാതെ പിഴ ഒഴിവാക്കി നൽകി | 1-23 |
| 24 | ഇ-ടെൻഡർ ഫോറം വില കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 1-24 |
| 25 | പാഴായി എൽ.ഐ പദ്ധതി. പണി ദീർഘിച്ചതിന് ഫയലിൽ വിശദീകരണം ചേർത്തിട്ടില്ല. | 1-25 |
| 26 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുക-വാർഷികകണക്കിലോ മറ്റ് രേഖകളിലോ ഉൾപ്പെടാത്തത് സംബന്ധിച്ച് | 1-26 |
| 27 | ഫണ്ടുകളുടെ വിനിയോഗം - ഒരു അവലോകനം | 1-27 |
| 28 | രശീതി, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭിച്ചിട്ടില്ല | 1-28 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 3<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 29 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടുവിനിയോഗം | 4-1 |
| 30 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 32 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 33 | സ്ഥിരനിക്ഷേപം | 4-5 |
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 36 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം | 4-10 |
| 39 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്/ റിവൈസ്ഡ് ബജറ്റ്

| | ബജറ്റ് 2018-19 | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| പാസ്സാക്കിയ തീയ്യതി | 26.03.18 | 21.02.19 |
| കമ്മിറ്റി തീരുമാനം | 1 | 1 |
| പ്രതീക്ഷിത വരവ് | 195798000 | 128540723 |
| പ്രതീക്ഷിത ചെലവ് | 200030043.15 | 126763583 |

ഗ്രാമപഞ്ചായത്തുകളിലെ ബജറ്റ് രൂപീകരണം സംബന്ധിച്ച് കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും സെക്ഷൻ 214 പ്രകാരം സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെട്ട ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15-ാം തീയതിക്ക് മുൻപായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച കൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഇപ്രകാരം സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളെയും മറ്റ് ആവശ്യങ്ങളെയും പരിഗണിച്ച കൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അതിൽ നിന്നും പഞ്ചായത്തിന്റെ അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ഒരു ബജറ്റ് തയ്യാറാക്കേണ്ടതും അത് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച കഴിയുന്നതിന് മുൻപ് പഞ്ചായത്തിന് മുമ്പാകെ അതിന്റെ ഒരു പ്രത്യേക യോഗത്തിൽ പഞ്ചായത്തിന്റെ അംഗീകാരത്തിനായി വയ്ക്കേണ്ടതുമാണ്.

2018-19 വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് സെക്രട്ടറി 20.01.2018 ന ഘടക സ്ഥാപനങ്ങളിൽ നിന്നും നോൺപ്ളാൻ എസ്റ്റിമേറ്റ് ഹാജരാക്കുന്നതിന് കത്ത് നൽകിയതു പ്രകാരം മേധാവികൾ ആയത് ഹാജരാക്കിയെങ്കിലും അവരുമായി യോഗം ചേർന്നതിന്റെ രേഖകളൊന്നും തന്നെ ഫയലിൽ ലഭ്യമല്ല.ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റി 26.02.2018നും, ആരോഗ്യ വിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി 21.02.2018നും, വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി 09.03.18 നും ബജറ്റ് ശുപാർശകൾ അംഗീകരിച്ചതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബജറ്റ് ശുപാർശകൾ മിനുട്സിൽ ഇല്ല. കരട് ബജറ്റ് 24.03.2018 നാണ് ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി അംഗീകരിക്കുന്നത്. പഞ്ചായത്ത് കമ്മറ്റി ബജറ്റ് അംഗീകരിക്കുന്നത് 26.03.2018 ലാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 31.07.2019 | 15.05.2019 | - | - |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 19.08.2019 & 20.08.2019 | കെ.എസ്.എ.ടി.എസ്.ആർ (എസ്1) - 1120/19(50)/26.08.2019 |

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7029961 |
| വരവ് | 70332243 |
| ആകെ | 77362204 |
| ചെലവ് | 58053406 |
| നീക്കിയിരിപ്പ് | 19308798 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | - | 12056572 | 12056572 | 11897682 | 158890 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | - | 5640000 | 5640000 | 4389408 | 1250592 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | - | 93000 | 93000 | -- | 93000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | - | 7593000 | 7593000 | 7540228 | 52772 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | - | 2780000 | 2780000 | 2600590 | 179410 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | - | 5597000 | 5597000 | 5547238 | 49762 |
| കെ. എൽ. എസ്.ജി. ഡി.പി (ACR പ്രകാരം) | | - | - | - | - | - |
| സാക്ഷരത | | 76687 | 2720 | 79407 | -- | 79407 |
| എം..എൻ.ആർ.ഇ.ജി.എസ് | കൂലി | - | --- | - | -- | - |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 16617.50 | 273670 | 290287.50 | 267426 | 22861 |

# 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| (എണ്ണം) | | | | (എണ്ണം) | | ശതമാനം |
|---|---|---|---|---|---|---|
| 187 | 62658343 | 176 | 42019344 | - | 11 | 67 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | സ്പിൽ ഓവർ/ പുതിയത് | അടങ്കൽ |
|---|---|---|---|---|
| 1 | 4 | കേരളോൽസവം | പുതിയത് | 75000 |
| 2 | 12 | പിഎംഎവൈ (എസ്.സി) - പഞ്ചായത്ത് വിഹിതം നൽകൽ | പുതിയത് | 250000 |
| 3 | 66 | ഓടൻചിറ റെയിൽവേ അടിപ്പാത റോഡ് സോളിംഗ്, മെറ്റലിംഗ്, ടാറിംഗ് വാർഡ്- 8 | പുതിയത് | 200000 |
| 4 | 75 | മഞ്ഞൾ വിത്ത് വിതരണം (വനിത) | പുതിയത് | 200000 |
| 5 | 104 | അമ്പലക്കടവ് സബ് റോഡ് അമ്പലക്കടവ് എസ്.സി കോളനി റോഡ് റീടാറിംഗ് വാർഡ് - 6 | പുതിയത് | 50000 |
| 6 | 105 | കുഴൽ കിണറിന് ഹാൻറ്സെറ്റ് സ്ഥാപിക്കൽ വാർഡ് -2 | പുതിയത് | 20000 |
| 7 | 110 | ജെൻഡർ ഡെസ്ക്ക് | പുതിയത് | 150000 |
| 8 | 121 | ശുഭാപ്തി- ഡിസബെലിറ്റി റിസോഴ്സ് സെൻറർ- ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ | പുതിയത് | 50000 |
| 9 | 124 | പുലക്കാട്ടുകര എസ്.സി സാംസ്കാരിക നിലയത്തിന് ഫർണീച്ചർ | പുതിയത് | 60000 |
| 10 | 180 | നെന്മണിക്കര കുടുംബാരോഗ്യകേന്ദ്രം- ലാബിലേക്ക് ഉപകരണങ്ങൾ വാങ്ങൽ | പുതിയത് | 300000 |
| 11 | 192 | വാർഡ് 4 ൽ സ്ട്രീറ്റ് മെയ്ൻ ദീർഘിപ്പിക്കൽ | പുതിയത് | 80000 |

# 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19/9/19 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13843/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 16617.50 | 273670 | 290287.50 | 267426 | 22861.50 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 6473363 | 6473363 | 6473363 | - |
| മെറ്റിരീയൽ കോസ്റ്റ് | - | 619882 | 619882 | 619882 | - |

ലഭ്യമായ കണക്കുകൾ പ്രകാരം ആകെ വരവും ചെലവും 7407850/- രൂപയാണ്. എന്നാൽ വാർഷിക കണക്കിലെ ഇൻകം & എക്സ്പെൻറീച്ചർ പത്രിക പ്രകാരം ആകെ വരവ് ചെലവ് 7370204/- രൂപയാണ്. ഈ വ്യത്യാസം തൃപ്തികരമായി വിശദീകരിക്കുവാൻ നിലവിൽ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

# 1-9 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 165960 | 88 |
| കർഷകതൊഴിലാളി പെൻഷൻ | 4330000 | 332 |
| വിധവാപെൻഷൻ | 12366900 | 999 |
| വാർദ്ധക്യകാലപെൻഷൻ | 17898500 | 1440 |
| വികലാംഗപെൻഷൻ | 3352200 | 262 |
| അവിവാഹിത പെൻഷൻ | 1101600 | 91 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 150000 | 5 |

# 1-10 ആഭ്യന്തര നിയന്ത്രണം

- നെൻമണിക്കര ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സ്ഥിതി ചെയ്യുന്നത് ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സേവനങ്ങൾക്കായി പഞ്ചായത്തിനെ സമീപിക്കാൻ സാധിക്കാത്ത വിധത്തിൽ ഒന്നാം നിലയിലാണ്. ഇവിടേക്ക് റാമ്പ് സംവിധാനം ഒരുക്കിയിട്ടുമില്ല. ഈ വിഷയത്തിൽ 2017-18 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമുണ്ടെങ്കിലും എന്തെങ്കിലും തരത്തിലുള്ള പുരോഗതി ഉണ്ടായിട്ടുള്ളതായി കാണുന്നില്ല.

- അന്നന്ന് ലഭിച്ച തപാലുകൾ രജിസ്ട്രേഷൻ വിതരണരജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്തിട്ടുണ്ട് എന്ന് ചുമതലാ കൈമാറ്റത്തിനുമുൻപ് ഫ്രണ്ട് ഓഫീസ് സൂപ്പർവൈസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

- ഫ്രണ്ട് ഓഫീസ് സൂപ്പർവൈസർ ഫ്രണ്ട്ഓഫീസ് ഡയറി പരിശോധിച്ചിട്ടുള്ളതായി കാണുന്നില്ല.

- ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മാസത്തിൽ ഒരു തവണയെങ്കിലും യോഗം ചേരേണ്ട ഫ്രണ്ട് ഓഫീസ് മോണിറ്ററിങ്ങ് സമിതി രൂപീകരിച്ചതിനോ യോഗം ചേർന്നതിനോ രേഖകളില്ല.

- സെക്യൂരിറ്റി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

- ധനമാനേജ്മെന്റിന്റെ അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള സമയക്രമം പാലിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്തരാജ് നിയമം സെക്ഷൻ 214 പ്രകാരം വികസനപദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവുചെലവുകളുടെ വിശദമായ എസ്റ്റിമേററ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിററികൾ തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററിക്ക് സമർപ്പിക്കുന്നതിലും, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി ബജററ് തയ്യാറാക്കി അംഗീകാരത്തിനായി ഭരണസമിതി മുമ്പാകെ വെയ്ക്കുന്നതിലും കാലതാമസം ഉണ്ടായിട്ടുണ്ട്.

- പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നുംതന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08/02/2019 | 2019 ജനുവരി | 27.08.2019 |
| അക്കൗണ്ടന്റ് | 03/09/2010 – | 2005-06 to | 03/11/2010 |

# 1-12 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

2. വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

<u>2.1 തൻവർഷം</u>

2.1.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 21,07,538 | 20,61,789 | 50,916 | 2222 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 21,07,538 | 20,61,789 | 50,916* (ഖണ്ഡിക 2.8 കാണുക) | *2224 |
| | (ഇൻകം &എക്സിപെൻഡിച്ചർ അക്കൗണ്ട, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | * (2335/105X100)= 2224 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

<u>കുറിപ്പ്:</u>

എ) നീക്കിയിരിപ്പ് തുക വ്യത്യാസം

ബി) കളക്ഷൻ തുക ഡി സി ബി തുകയുമായി പൊരുത്തപ്പെടുത്തിയിരിക്കുന്നത് Receipt and Payment statement നെ ബാധിക്കുന്ന ജേണൽ മുഖാന്തിരം

സി) ഇല്ലാത്ത തുക മുൻകൂർ തുക ക്രമീകരിച്ച

ഡി) ഗണിത ക്രിയയിൽ വ്യത്യാസം.

2.1.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 30,10,884 | 28,26,350 | 68,975 | 1,31,690 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 30,10,884 | 28,26,350 | 68,975* (ഖണ്ഡിക 2.8 കാണുക) | *131692 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance collection-PT on Res. bldg-ന്റെ ലെഡ്ജർ, 350410104-Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | * (138277/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

<u>കുറിപ്പ്:</u>

എ) നീക്കിയിരിപ്പ് തുക വ്യത്യാസം

ബി)കളക്ഷൻ തുക ഡി സി ബി തുകയുമായി പൊരുത്തപ്പെടുത്തിയിരിക്കുന്നത് Receipt and Payment statement നെ ബാധിക്കുന്ന ജേണൽ മുഖാന്തിരം

സി)ഇല്ലാത്ത തുക മുൻകൂർ തുക ക്രമീകരിച്ച

ഡി)ഗണിത ക്രിയയിൽ വ്യത്യാസം.

<u>2.2 കുടിശ്ശിക</u>

2.2.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 24,683 | 24,324 | 1495 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *8753 | 24,324 | **1502 |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, | ** (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ |

| | | | |
|---|---|---|---|
| | (3446+5745=9191/105*100) | ഷെഡ്യൂൾ ആർ.പി-43) | ബി-15) (1577/105X100)= |

കുറിപ്പ്.

എ) മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകളിൽ വ്യത്യാസം

ബി) കളക്ഷൻ തുക ഡി സി ബി തുകയുമായി പൊരുത്തപ്പെടുത്തിയിരിക്കുന്നത് Receipt and Payment statement നെ ബാധിക്കുന്ന ജേണൽ മുഖാന്തിരം

സി)ഗണിത ക്രിയയിൽ വ്യത്യാസം.

2.2.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 5,10,883 | 4,18,672 | 93,006 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *5,30,931 | 4,18,672 | **93,011 |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>*<br>(3,98,453+1,59,025.=5,57,478/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **<br>(97662/105X100) = 9,011<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

കുറിപ്പ്.

എ) മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകളിൽ വ്യത്യാസം

ബി) കളക്ഷൻ തുക ഡി സി ബി തുകയുമായി പൊരുത്തപ്പെടുത്തിയിരിക്കുന്നത് Receipt and Payment statement നെ ബാധിക്കുന്ന ജേണൽ മുഖാന്തിരം

സി) ഗണിത ക്രിയയിൽ വ്യത്യാസം.

2.3 ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസിഡൻഷ്യൽ | 107372 | 1334 | 108706 | 104568 | 1234 | 105802 | 2772 | | 113 | 82 | 146 |
| | നോൺ-റെസിഡൻഷ്യൽ | 163294 | 25815 | 189109 | 141772 | 20944 | 162716 | 3576 | | 6587 | 4656 | 11163 |
| | ആകെ | | | 297815 | | | 268518 | | | 11309 | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 558386 | | | 276752 | | | | 531917 | 11438 | | |
| | | 28333+530053 =558386 (2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 - State govt Cess/levies | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

| | | | | | |
|---|---|---|---|---|---|
| | ബി-15,431910101 - State govt . Cess/levies...... ലെഡ്ജർ 2018-19) | | | ലെഡ്ജർ 2018-19) | |

<u>കുറിപ്പ്:</u>

എ) മുന്നിരിപ്പ്, കളക്ഷൻ, ക്രമീകരിക്കൽ, നീക്കിയിരിപ്പ് തുകകളിൽ വ്യത്യാസം

2.4. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് - (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:2.1.1, 2.1.2, 2.2.1,.2.2.2, 2.3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

2.5 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2019ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ" സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ("Balance of previous year remitted advance tax after adjustment as per advance register against this building" എന്ന കോളം പ്രകാരം) |
|---|---|---|---|
| 1 | 350410101-Advance collection of revenues - Property tax on Residential building | 7,380* (ഖണ്ഡിക 2.9 കൂടി കാണുക) | 3,79,957 |
| 2 | 350410104-Advance collection of revenues - Property tax on Non-Residential building | 3,551* (ഖണ്ഡിക 2.9കൂടി കാണുക) | 1,79,442 |

2.6 1/4/2018ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ /നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19 വർഷത്തിൽ നെന്മണിക്കര ഗ്രാമപഞ്ചായത്തിൽ 134

പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19 ലെ “110100101-Property tax on residential buiding”എന്ന ശീർഷകത്തിലേയും “110100103-Property tax on non residential buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.7 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 2,76,752 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 2,68,518 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State govt cesses/levies in Property tax control account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 5,31,917 രൂപയാണ്.(വൗച്ചർ 41800309, 310, 318, 319, 352, 353, 355, 356 തീ.31.03.2019 ) (പട്ടിക 2.3 കാണുക )

2.8 2017-18 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 “Other liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2018 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2018-19 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. “Prior period items” എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/18 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2018-19ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance collection of revenues - Property tax on Residential building | 15,581 | 50,916 (35,355 സാങ്കല്പകമായി വർദ്ധിപ്പിച്ചു.) |
| 2 | 350410104-Advance collection of revenues - | 17,448 | 68,975 (51,527 രൂപ Residential buildingൽ സാങ്കല്പികമായി വർദ്ധിപ്പിക്കുകയും പിന്നീട് Non |

| | | | |
|---|---|---|---|
| | Property tax on Residential building | | Residential building ൽ ക്രമീകരിക്കുകയും ചെയ്തു . |
| | | | |

2.9 തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 10,600രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior period items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2.9.1 റെസിഡൻഷ്യൽ

| ക്രമ നം. | ജേണൽ വൗച്ചർ | തീയതി | തുക |
|---|---|---|---|
| 1. | 41800359 | 31/03/2019 | 7,121 |

2.9.2 നോൺ-റെസിഡൻഷ്യൽ

| ക്രമ നം. | ജേണൽ വൗച്ചർ | തീയതി | തുക |
|---|---|---|---|
| 1. | 41800358 | 31/03/2019 | 3,479 |

3. 2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക2.6.ൽ ചേർത്തിട്ടുണ്ട്)

| ക്രമ നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent from Building | 174000<br>(30/3/2019 ൽ 213 രൂപ ഡിമാന്റ് കുറവ് ചെയ്തു) | 30/11/2018 | 41800089 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

4. ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

4.1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

4.2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

5. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്.എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2019 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance collection of revenues-Profession tax /inst/trad/prof | 3,400 |

6. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ I-18) | 31/3/2019ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | 34,940 |
| 280100102-Prior period income-Profession tax institution/professionals/traders | 22,950 |
| 280100104-Prior period income-Property tax on non residential buildings | 47,491 |
| 280200401-Prior period income-Other income | (306), (60550-60244) |

7. കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും,

മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

8. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

9. വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,22,78,837 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,39,98,605രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

10. തൊഴിൽ നികുതി (ജീവനക്കാർ) ഡി.സി.ബി രജിസ്റ്റർ പ്രകാരം 31/3/18 ൽ 211120രൂപ കുടിശ്ശികയും അതിൽ 60,000 രൂപ കളക്ഷനും ബാക്കി 151120 രൂപ തൊഴിൽ നികുതി (ജീവനക്കാർ) എന്ന ഇനത്തിൽ കുടിശ്ശികയും ഉണ്ട്. തുക യഥാർത്ഥത്തിൽ സ്വീകരിക്കുമ്പോൾ മാത്രം വരുമാനമായി ചേർത്താൽമതിയെന്ന്, പഞ്ചായത്തുകൾ പിന്തുടരേണ്ടുന്ന അക്കൗണ്ടിങ്ങ് നയങ്ങളിൽ, വ്യക്തമാക്കിയിട്ടുള്ളതിനാൽ (സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011) കുടിശ്ശിക, ബാക്കി ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതാകുന്നു.

11. താഴെ ചേർത്തിരിക്കുന്ന നിർവ്വഹണ ഏജൻസികൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് മുൻകൂർ തുക നൽകിയിട്ടുണ്ട്.

| ക്രമ നം. | ശീർഷകം | ഡെപ്പോസിറ്റ് തുക |
|---|---|---|
| 1 | 460500201-Advance to implimenting agencies-deposit with water authority | 2,17,000 |
| 2. | 460500202-Advance to implimenting agencies-deposit with KSEB | 13,97,533 |

മേൽ പ്രകാരം വികസനഫണ്ട്/ (മെയിന്റനൻസ് ഗ്രാന്റ് ഒഴികെ മറ്റ് ഗ്രാന്റുകൾ)ൽ നിന്നും നല്കിയ മേൽ തുകകൾ 31/3/2019 ൽ ചെലവഴിക്കാത്തതിനാൽ ആയത് B-4 Grants and contribution for specific purpose എന്ന ഷെഡ്യൂളിൽ അനുയോജ്യമായ ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

12. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-18, "406100103-Temporary advance for official purposes" എന്ന ശീർഷകത്തിൽ 39,110 രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. അഡ്വാൻസ് രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മുൻകൂറുകൾ കൈപ്പറ്റിയ ആളുകളുടെ വിവരം, ആയതിന്റെ ഉദ്ദേശ്യം എന്നിവ ചേർത്തിട്ടില്ല. ഈ മുൻകൂർ തുക 2017-18 ൽ നിന്നും തുടർന്നുവരുന്നതാണെന്ന് കാണുന്നു.

13. വായ്പ ഇനത്തിൽ തൻവർഷം 19,30,609രൂപ വരവുണ്ട്. ആയതിൽ തിരിച്ചടവ് നടത്തിയിട്ടില്ല. എന്നാൽ ഈ വിവരങ്ങൾ വായ്പ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

14. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-9 ൽ "350800101-Liability in respect of stale cheque" എന്ന ശീർഷകത്തിൽ 31/3/2019 പ്രകാരം 7,300 രൂപ നീക്കിയിരിപ്പുണ്ട്. ഇവ ഏതെല്ലാം ചെക്കുകളാണെന്നും എന്നാണ് ഈ ശീർഷകത്തിലേക്ക് മാറ്റിയതെന്നും ഇവ വരുമാനമായി ക്രമീകരിക്കുന്നതിനുള്ള സമയമായിട്ടുണ്ടോയെന്നും പരിശോധിക്കുന്നതിന് രജിസ്റ്റർ എഴുതി സൂക്ഷിക്കാവുന്നതാണ്.

# 1-13 FACTEOS ലൈസൻസ് അപാകതകൾ

കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ 2017 സ.ഉ(പി)നം.80/2017തസ്വഭവ, തീയതി 31.10.2017 പ്രകാരം ഡി ആന്റ് ഒ ലൈസൻസ് എന്നത് എഫ്.എ.സി.ടി.ഇ.ഒ.എസ് ലൈസൻസ് എന്ന് പുനർനാമകരണം ചെയ്തിട്ടുള്ളതും 31.10.2017 തീയതി മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതുമാണ്. ഫീസ് നിശ്ചയിക്കുന്നതിന് മൂലധന നിക്ഷേപം കണക്കിലെടുത്ത് മേഖലാടിസ്ഥാനത്തിൽ വ്യാപാര സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മോൾ മീഡിയം, ലാർജ്ജ് എന്റർപ്രൈസുകൾ എന്നിങ്ങനെ അഞ്ചായി തരം തിരിച്ചിട്ടുണ്ട്. നെന്മണിക്കര ഗ്രാമ പഞ്ചായത്തിൽ ലൈസൻസ് സംബന്ധമായ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 848 ഉം സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം 1811ഉം വാണിജ്യ/വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്തിൽ ഉള്ളതായി കാണുന്നു. എന്നാൽ 557 സ്ഥാപനങ്ങൾക്കു മാത്രമാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ഇപ്രകാരം വാണിജ്യ സ്ഥാപനങ്ങളുടെ എണ്ണത്തിലുള്ള വ്യത്യാസത്തിനു കാരണം ചോദിച്ചുകൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിനു (എൻക്വയറി നം.11/23.09.19) ലൈസൻസ് ആവശ്യമില്ലാത്ത ഓഫീസ് കെട്ടിടങ്ങൾ, ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങൾ,ഒന്നിലധികം കെട്ടിടനമ്പർ നൽകിയിട്ടുള്ള ഓട്ടുകമ്പനികൾ, ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെട്ടതിനാലാണെന്നു പഞ്ചായത്ത് മറുപടി നൽകിയിരിക്കുന്നു. ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന റീട്ടെയ്ൽ റേഷൻ ഡിപ്പോ, കള്ള് ഷാപ്പുകൾ ഒന്നും തന്നെ ലൈസൻസ് എടുത്തിട്ടില്ല. ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതു മൂലം ലൈസൻസ് ഫീസിനത്തിലും തൊഴിൽ നികുതി ഇനത്തിലും വരുമാനനഷ്ടം സംഭവിക്കുന്നു. എല്ലാ റേഷൻഷോപ്പുകൾക്കും കള്ള് ഷാപ്പുകൾക്കും ലൈസൻസ് എടുക്കുന്നതിനും തൊഴിൽ നികുതി അടവാക്കുന്നതിനും നോട്ടീസ് നൽകിയിട്ടുള്ളതായി ഓഡിറ്റ് അന്വേഷണത്തിനു (എൻക്വയറി നം.11/23.09.19) മറുപടി ലഭിച്ചിട്ടുണ്ട്.

3) ലൈസൻസ് അപേക്ഷയോടൊപ്പം 50 മൈക്രോണിൽ കൂടുതലുള്ള പ്ളാസ്റ്റിക്ക് ക്യാരിബാഗുകളിൽ മാത്രമാണ് വില്പന സാധനങ്ങൾ വിതരണം ചെയ്യുന്നതെന്ന സത്യവാങ്ങ്മൂലം ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (എൻക്വയറി നം.16/24.09.2019) നിലവിൽ അപേക്ഷയോടൊപ്പം സത്യവാങ്ങ്മൂലം ഉറപ്പാക്കിയാണ് ലൈസൻസ് നൽകുന്നതെന്ന് മറുപടി നൽകിയിട്ടുണ്ട്.

# 1-14 അങ്കണവാടിക്ക് സ്ഥലം വാങ്ങൽ-ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല.

നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി

അടങ്കൽ – 2,00,000

ചെലവ് – 1,10,004

ചെക്ക് നം. 2048042/22.11.18

വാർഡ് 8-ലെ 62-ാം നം.അങ്കണവാടിക്ക് വേണ്ടി 2.5 സെന്റ് സ്ഥലം വാങ്ങിയതിന് സ്ഥലമുടമയായ ശ്രീ.U.G.ശശിക്ക് 96,460 രൂപ നൽകിയിട്ടുണ്ട്. നെൻമണിക്കര വില്ലേജ് ഓഫീസറിന്റെ 30.06.18-ലെ

3094-ാം നമ്പർ സാക്ഷ്യപത്രപ്രകാരം (ഫെയർവാല്യൂ രജിസ്റ്റർ അടിസ്ഥാനപ്പെടുത്തി) ഒരു ആറിന് 74,200/- രൂപയാണെന്ന് സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിരിക്കുന്നത്. എന്നാൽ 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 5(സി) പ്രകാരം ആർജ്ജിക്കാനുദ്ദേശിക്കുന്ന വസ്തുവിന് നൽകുന്ന വില ബന്ധപ്പെട്ട തഹസിൽദാർ/ജില്ലാ കളക്ടർ രേഖാമൂലം നിശ്ചയിക്കുന്ന വിലയിൽ കവിയുന്നില്ലെന്ന് ഉറപ്പുവരുത്തണം. സ്ഥലം വാങ്ങലുമായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.10) നൽകിയിരുന്നുവെങ്കിലും ഈ വിഷയത്തിലുള്ള വിശദീകരണം ലഭ്യമാക്കിയിരുന്നില്ല. ചട്ടത്തിലെ നിർദ്ദേശങ്ങൾ പാലിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

# 1-15 ജീവനക്കാരുടെ ശമ്പള കുടിശിക-ആനുപാതിക പെൻഷൻ കോൺട്രിബ്യൂഷൻ തുക അടവാക്കിയില്ല

സ.ഉ (പി)7/2016/ഫിൻ തീ. 20.01.2016 പ്രകാരം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം നെൻമണിക്കര ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2018-19 സാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ ശമ്പളകുടിശ്ശികയിലെ 3-ാം ഗഡു പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും, നാലാം ഗഡു പണമായി കൈപ്പറ്റുകയും {സ.ഉ(പി)നം 146/2018 തിയതി 16/09/2018} ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു;

| വൗച്ചർനം/തീയതി | തുക |
|---|---|
| 21800163/07-6-18 | 36,979 |
| 21800205/25-06-2018 | 1,89,256 |
| 21800206/25-06-2018 | 49,260 |
| 21800509/17-10-2018 | 1,74,537 |

മേൽ ഉത്തരവിലെ ഖണ്ഡിക 48 (1) പ്രകാരം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. ജീവനക്കാരുടെ ശമ്പളകുടിശ്ശിക 3-ാം ഗഡു പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും, 4-ാം ഗഡു കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ സർക്കാരിലേക്ക് അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ നൽകേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.25) നൽകിയതിന് പെൻഷൻ കോൺട്രിബ്യൂഷൻ തുക സർക്കാരിലേക്ക് അടവാക്കിയിട്ടില്ലെന്ന മറുപടിയാണ് ലഭിച്ചത്. സർക്കാർ നിർദ്ദേശപ്രകാരം തുക സർക്കാരിലേക്ക് അടവാക്കുന്നതിനുള്ള നടപടികളെടുക്കേണ്ടതാണ്.

# 1-16 കുഴിച്ചെടുത്ത മണ്ണിന്റെ ഡിസ്പോസൽ എം ബുക്കിൽ ചേർത്തിട്ടില്ല

പ്രോജക്ടിന്റെ പേര് - തലോർ വാരിയം റോഡ് കാന നിർമ്മാണം

പ്രോജക്ട് നമ്പർ - 57/18

പി.എ.സി. –934002

എഗ്രിമെന്റ് നമ്പർ. - 01/AE/LSGD/NMK/17-18 തീയതി. 23/06/2017

ബിൽ നമ്പർ - 20/18-19, തീയതി. 20/06/2018, തുക – 260000 (Try bill book AE 2018-19)

ബിൽ നമ്പർ - 23/18-19, തീയതി.30/06/2018, തുക - 264500

ചെക്ക് നമ്പർ - 6914322 തീയതി. 28/06/2018, തുക –400507

മെഷർമെന്റ് തീയതി - 15/02/2018

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ അപ്പൻഡിക്സ് ബി യിൽ ഇനം 1 ആയി മണ്ണ് കുഴിച്ചെടുക്കുന്ന പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മെഷർമെന്റ് ബുക്ക് 43/16-17 പേജ് 1,2,3. മെഷർമെന്റ് ബുക്ക് 5/18 പേജ് നമ്പർ 3,4 എന്നിവയിൽ ഇതിന്റെ ഡിസ്പോസൽ ചേർത്തിട്ടില്ല. ആകെ 66.04 മീറ്റർ ക്യൂബ് മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. എന്നാൽ മണ്ണിന്റെ ഡിസ്പോസൽ എം-ബുക്കിൽ ചേർത്തിരുന്നില്ല. ഇതു സംബന്ധിച്ച് എഞ്ചിനീയർ സമർപ്പിച്ച മറുപടിയിൽ കുഴിച്ചെടുത്ത മണ്ണ് റോഡ് ഉയർത്താനായി ഉപയോഗിച്ചതായി അറിയിച്ചിട്ടുണ്ട്. മണ്ണ് പ്രവർത്തിയിൽ യഥാസമയം വരുത്തേണ്ട രേഖപ്പെടുത്തലുകൾ ബന്ധപ്പെട്ട റെക്കോഡുകളിൽ ചേർക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# 1-17 മരുന്നുകൾ ലഭ്യമായിട്ടില്ല-തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതികളിൽ മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് പ്രോജക്ട് നമ്പർ | നൽകിയത് | നൽകിയ തുക | മരുന്ന ലഭിച്ചത് | ലഭിക്കാനുള്ളത് |
|---|---|---|---|---|---|
| 1 | SO112/19, ആയുർവേദ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ | ഔഷധി കുട്ടനെല്ലൂർ | 500000 | 480523 | 19477 |
| 2 | SO77/19, സാന്ത്വനപരിചരണം | കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ | 150000 | 117340 | 32660 |
| 3 | SO86/19, പി.എച്ച്.സിയിലേക്ക് മരുന്നു വാങ്ങൽ | കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ | 100000 | 66391 | 33609 |
| 4 | SO80/19, NHM ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ | ഹോംകോ, ആലപ്പുഴ | 200000 | 101275 | 98725 |

മരുന്നുകൾ ലഭ്യമാക്കുന്നതിനു വേണ്ട തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-18 വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ-ശരിയായ വിഹിതം ഉറപ്പു

# വരുത്തിയില്ല.

വി.ഇ.ഒ.(തലോർ) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ (ജനറൽ) പ്രൊജക്റ്റിൽ ഒരു ഗുണഭോക്താവിന് 25,000/- രൂപ വീതം 28 ഗുണഭോക്താക്കൾക്ക് 700,000/-രൂപയും, വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ (പട്ടികജാതി) പ്രൊജക്റ്റിൽ ഒരു ഗുണഭോക്താവിന് 50000/- രൂപ വീതം 32 ഗുണഭോക്താക്കൾക്ക് 16,00,000/- രൂപയും ആണ് വകയിരുത്തിയത്.

പദ്ധതിമാർഗ്ഗരേഖ സ.ഉ. (കൈ)നം.22/2018/ത.സ്വ.ഭ.വ./14.2.18 പ്രകാരം വീട് വാസയോഗ്യമാക്കൽ (ജനറൽ) പ്രൊജക്റ്റിൽ ഒരു ഗുണഭോക്താവിന് 1,00,000/- രൂപയും, വീട് വാസയോഗ്യമാക്കൽ (പട്ടികജാതി) പ്രൊജക്റ്റിൽ ഒരു ഗുണഭോക്താവിന് 1,50,000/- രൂപയും അനുവദിക്കാവുന്നതാണ്. മേൽ മാർഗ്ഗരേഖ പ്രകാരം വീടിനെ വാസയോഗ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഉടമസ്ഥൻ തയ്യാറാക്കേണ്ടതും അവസാനഗഡു നൽകുന്നതിനു മുമ്പ് പണി പൂർത്തീകരിച്ച് എൽ.എസ്.ജി.ഡി എഞ്ചിനീയർ പരിശോധിച്ച് മൂല്യനിർണ്ണയം നടത്തുന്നതിന് അനുസരിച്ചായിരിക്കും സബ്സിഡി നിർണ്ണയിക്കുക എന്നാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മേൽ പ്രോജക്റ്റ് നടപ്പാക്കിയപ്പോൾ മേൽ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ (ജനറൽ)

| ഗുണഭോക്താക്കളുടെ പേര് | വീടിന്റെ കാലപ്പഴക്കം | റഫ് കോസ്റ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക | എൽ.എസ്.ജി.ഡി എഞ്ചിനീയർ നിർണ്ണയിച്ച തുക | നൽകിയത് |
|---|---|---|---|---|
| മറിയം അന്തോണി<br>കൊമ്പൻ വീട്<br>തലോർ | 17 വർഷം | 60000 | 45000 | 25000 |
| പങ്കജം<br>പുല്ലാനി വീട്<br>എറവക്കാട് | 50 | 42000 | 32500 | 25000 |
| ഓമനാ സണ്ണി<br>നമ്പിട്യാടൻ<br>പാഴായി | 15 | 45000 | 40000 | 25000 |
| വിചിത്ര<br>മടപ്പാട്ടു പറമ്പിൽ | 11 | 50000 | 45000 | 25000 |
| വനജ<br>കാട്ടുള വീട് | 15 | 45000 | 39000 | 25000 |
| സബിത രവീന്ദ്രൻ | 18 | 40000 | 35000 | 25000 |

വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ (പട്ടികജാതി)

| ഗുണഭോക്താക്കളുടെ പേര് | വീടിന്റെ കാലപ്പഴക്കം | റഫ് കോസ്റ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക | എൽ.എസ്.ജി.ഡി എഞ്ചിനീയർ നിർണ്ണയിച്ച തുക | നൽകിയത് |
|---|---|---|---|---|
| സുനിൽ | 21 | 92500 | 76900 | 50000 |

| | | | | |
|---|---|---|---|---|
| ചീനിപ്പിള്ളി<br>എറവക്കാട് | | | | |
| അംബികാവാസു<br>കോലോത്തു പറമ്പിൽ | 21 | 107000 | 93500 | 50000 |
| ശകുന്തള<br>പുന്നവീട് | 9 | 85000 | 77000 | 50000 |
| കൊച്ചമ്മിണി<br>പനിയത്ത് | 24 | 68000 | 62000 | 50000 |

പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോഴും, ഫണ്ടുകൾ വകയിരുത്തുമ്പോഴും ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദവും ആവശ്യമുള്ളതുമായ പ്രൊജക്റ്റുകൾക്ക് പരിഗണന നൽകേണ്ടതും അർഹമായ ധനസഹായം ഉറപ്പുവരുത്തേണ്ടതുമാണ്.

# 1-19 പ്രളയാനന്തര കുടിവെള്ള വിതരണം - സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല

വൗച്ചർ നമ്പർ : 21800795, തുക –158380/-, തീ.13/12/18

പ്രളയാനന്തരം ടാങ്കർലോറികളിൽ കുടിവെള്ളവിതരണം നടത്തിയതിന് ശ്രീ.റപ്പായി കുനംപ്ലാവിൽ ഹൗസ് എന്ന കരാറുകാരന് ഒരു ദിവസം 5000/- രൂപ നിരക്കിൽ (ദിവസേന 25000 ലിറ്റർ) 32 ദിവസത്തേയ്ക്ക് ആകെ 158380/- രൂപ അനുവദിച്ചിട്ടുണ്ട്. സംസ്ഥാന ഫുഡ്സേഫ്റ്റി കമ്മീഷണറുടെ 11.01.13 ലെ എ-1/2013/സി.എഫ്.എസ് നമ്പർ ഉത്തരവുപ്രകാരം ടാങ്കർ ലോറികളിലും മറ്റ് വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കുകളിലും കുടിവെള്ള വിതരണം ചെയ്യുന്നവർ 2011ലെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേഡ്സ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ) റെഗുലേഷൻ പ്രകാരം FBO ലൈസൻസ് എടുത്തിരിക്കണം (ഉത്തരവിലെ ക്രമനമ്പർ - 1). അതോടൊപ്പം, കുടിവെള്ള സ്രോതസ്സുകൾക്കും FBO ലൈസൻസ് ഉണ്ടായിരിക്കണം. ഇത്തരം ലൈസൻസുള്ള കുടിവെള്ളസ്രോതസ്സുകളിൽ നിന്നു മാത്രമേ വെള്ളം ശേഖരിക്കാവൂ എന്ന് ഉത്തരവിൽ പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. കുടിവെള്ളവിതരണം നടത്തുന്ന ടാങ്കർലോറികളിൽ ജി.പി.എസ് ഘടിപ്പിക്കണമെന്ന ചട്ടവും പാലിച്ചിട്ടില്ല. ടി വിഷയം സംബന്ധിച്ച 17/25.09.19 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പ്രളയാനന്തരം അടിയന്തിര സാഹചര്യം ഉണ്ടായതിനാൽ ആരോഗ്യവകുപ്പ് മുഖേന ഉപയോഗ്യമാണോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തുക മാത്രം ചെയ്ത് അടിയന്തിര കമ്മിറ്റി തീരുമാനപ്രകാരം അടിയന്തിരമായി കുടിവെള്ളം വിതരണം ചെയ്യാൻ നിർദ്ദേശിക്കുകയാണുണ്ടായതെന്ന് വിശദീകരണം നൽകിയിട്ടുണ്ട്. ആരോഗ്യവകുപ്പ് മുഖേന കുടിവെള്ളം ഉപയോഗ്യമാണെന്ന് സ്ഥിരീകരിക്കുന്ന രേഖകളൊന്നും പരിശോധനയിൽ കാണാൻ സാധിച്ചില്ല. 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ കുടിവെള്ളവിതരണത്തെ സംബന്ധിച്ച് മേല്പ്പറഞ്ഞ അപാകതകൾ പരാമർച്ചിരുന്നു. ആയതിനാൽ കുടിവെള്ളവിതരണം സർക്കാർ ഉത്തരവുകൾ പാലിച്ചുകൊണ്ട് മാത്രം നടത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. പൊതുജനാരോഗ്യ വിഷയമായതിനാൽ ഇക്കാര്യത്തിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-20 ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള

# പൊതുടാപ്പുകളുടെ എണ്ണം ജല അതോറിറ്റിയുമായിച്ചേർന്ന് സംയുക്ത പരിശോധന നടത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പൊതുടാപ്പുകൾക്ക് പ്രതിമാസം 887256/- രൂപ വെള്ളക്കരമായി ഗ്രാമപഞ്ചായത്ത് ഒടുക്കി വരുന്നുണ്ട്. നാളിതുവരെയായി ജല അതോറിറ്റിയുമായിച്ചേർന്ന്, പൊതുടാപ്പുകളുടെ എണ്ണം, സംയുക്ത പരിശോധന നടത്തി തയ്യാറാക്കിയിട്ടില്ല. ഇത് പഞ്ചായത്തിന് അമിത ബാധ്യതയാകുമെന്നതിനാൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. ജല അതോറിറ്റിയുമായിച്ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തിക്കാത്ത ടാപ്പുകൾ ഒഴിവാക്കുന്നതിനും വെള്ളക്കരം ക്രമീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സ.ഉ (സാധാരണ) നം.1275/09/ ത.സ്വ.ഭ.വ തീയതി 30-5-2009 പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും സർക്കാർ നിർദ്ദേശം നൽകിയിരുന്നു. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.24/27.09.2019) പൊതുടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധന നടത്തി തയ്യാറാക്കിയിട്ടില്ലായെന്നാണ് മറുപടി നൽകിയത്.

2. പരമാവധി കുടുംബങ്ങൾക്ക് ജല ലഭ്യത ഉറപ്പാക്കുന്നതിനായി നിയമാനുസൃത സബ്സിഡി അനുവദിച്ച് വീടുകളിലേക്ക് കുടിവെള്ള കണക്ഷൻ അനുവദിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ഏറ്റെടുക്കേണ്ടതാണ്. ഇക്കാര്യത്തിനായി ജി.ഒ(എം.എസ്)നം.72/2017/ത.സ്വ.ഭ.വ തീയതി 29-3-2017, ജി.ഒ (എം.എസ്)നം.80/2017/ത.സ്വ.ഭ.വ തിയതി 03.04.2017 എന്നീ ഉത്തരവുകൾ പാലിച്ച് പ്രൊജക്റ്റുകൾ ആവിഷ്കരിക്കേണ്ടതാണ്.

3. ഒരു പ്രദേശത്തെ എല്ലാ വീടുകളിലേയും ജലലഭ്യത ഉറപ്പാക്കിയതിനുശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കാവുന്നതാണ്.

# 1-21 മുൻകൂർ നൽകിയ തുകയുടെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

വൗച്ചർ നമ്പർ : 21800302/30.7.18, തുക –158380/-

മേൽപ്പറഞ്ഞ വൗച്ചർ പ്രകാരം തനതുഫണ്ടിൽ നിന്നും 40000/- രൂപ ചെക്ക് നം.16238/30.7.18 പ്രകാരം വാർഡ് തല ശുചിത്വ കമ്മിറ്റിയ്ക്ക് (വാർഡ് 14,1,2,3) ആരോഗ്യ ജാഗ്രത പ്രവർത്തനങ്ങൾക്കായി മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ ഈ തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട രേഖകളൊന്നും തന്നെ പരിശോധനയിൽ കാണാൻ സാധിച്ചില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 24/27.9.19 നൽകിയെങ്കിലും മറുപടിയിൽ വാർഡ് തല കൺവീനറിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതിൽ 31.3.19-ാം തീയതിയിൽ 41800220 നമ്പർ വൗച്ചർ പ്രകാരം ശുചിത്വത്തിന്റെ ചെലവ് ഹെഡിലേക്ക് മാറ്റിയിട്ടുണ്ടെന്നാണ് അറിയിച്ചത്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ മതിയായ രേഖകളുടെ അഭാവത്തിൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

# 1-22 കന്നുകുട്ടിപരിപാലനം-പദ്ധതി പൂർത്തിയാകുന്ന മുറയ്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

പ്രോജക്ട് നമ്പർ –SO112/19

ട്രഷറി ബിൽ നമ്പർ –7/31.1.19

നിർവഹണ ഉദ്യോഗസ്ഥൻ –വെറ്ററിനറി സർജൻ

സാമ്പത്തിക വർഷത്തിൽ കന്നുകുട്ടിപരിപാലനപദ്ധതി നടപ്പാക്കുന്നതിനു വേണ്ടി 156250/- രൂപ എസ്.എൽ.ബി.പി ഡെപ്യൂട്ടിഡയറക്ടർക്ക് നൽകിയിട്ടുണ്ട്. 2019 മാർച്ച് മാസത്തിൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ ചെലവ് തുക 156250/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മറ്റ് അപാകത-

റീന ബെന്നി പിടിയത്ത് എന്ന ഗുണഭോക്താവിന്റെ കന്നുകുട്ടി മരണപ്പെട്ടതിനാൽ കാലിത്തീറ്റ കൈപ്പറ്റിയിട്ടില്ല. ടിയാരിയുടെ വിഹിതമായി എസ്.എൽ.ബി.പി യിൽ അടവാക്കിയ തുക തിരികെ അടവാക്കി സർക്കാരിന്റെ സഞ്ചിതനിധിയിൽ അടവാക്കേണ്ടതാണ്.

# 1-23 എഗ്രിമെന്റ് വെക്കാൻ അനുവദനീയ സമയപരിധിക്കുശേഷം പഞ്ചായത്ത് കമ്മിറ്റിയുടെ അനുവാദമില്ലാതെ പിഴ ഒഴിവാക്കി നൽകി

കേരള പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2009.6 ലെ വ്യവസ്ഥകൾ പ്രകാരം സെലക്ഷൻ നോട്ടീസ് തിയ്യതിക്കു ശേഷം 14 ദിവസത്തിനുള്ളിൽ കരാർ ഒപ്പു വെക്കേണ്ടതാണ്. അല്ലാത്ത പക്ഷം പി.എ.സി യുടെ 1% പിഴ ഈടാക്കികൊണ്ട് മാത്രമേ കരാർ ഒപ്പുവെക്കാൻ പാടുള്ളൂ. എന്നാൽ താഴെ ചേർക്കുന്ന പ്രവർത്തികളിൽ ഈ വ്യവസ്ഥ പാലിക്കാതെ കരാറിൽ ഏർപ്പെട്ടതായി കാണുന്നു. തുടർന്ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി (നമ്പർ 20) പ്രളയത്തെത്തുടർന്ന് ട്രഷറി പ്രവർത്തനം സ്തംഭിച്ചതിനാൽ സെക്യൂരിറ്റി ഡെപ്പോസിറ്റിനായുള്ള ട്രഷറി സേവിംഗ്സ് ഡെപ്പോസിറ്റുകൾ കരാറുകാർക്ക് യഥാസമയം ട്രഷറിയിൽ നിന്നും ലഭ്യമായില്ല എന്നും ആയതിനെത്തുടർന്നാണ് പിഴ ഈടാക്കാതിരുന്നതെന്നും അസി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം കാലാവധി നീട്ടി നൽകുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ അനുവാദം വാങ്ങിയിട്ടില്ല. പഞ്ചായത്ത് സമിതിയുടെ അനുവാദമില്ലാത്ത ഇപ്രകാരമൊരു തീരുമാനത്തിന് സാധുതയുണ്ടായിരിക്കുന്നതല്ല. ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

| പ്രോജക്ടിന്റെ പേര് | സെലക്ഷൻ നോട്ടീസ് തീയതി | എഗ്രിമെന്റ് ഒപ്പു വെച്ച തീയതി |
|---|---|---|
| പി.എച്ച്.സി യിൽ സ്റ്റോർ റൂം നിർമ്മാണം, പ്രോജക്ട് നം.-108/19 | 09.08.2018 | 01.09.2018 |
| പാഴായി പി.എച്ച്.സി സബ് സെന്റർ, | 09.08.2018 | 01.09.2018 |

| | | |
|---|---|---|
| പ്രോജക്ട് നം.-107/19 | | |
| ചാപ്പക്കായൽ പുത്തൂർക്കുളം എൽ.ഐ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, പ്രോജക്ട് നം.-88/19 | 09.08.2018 | 06.09.2018 |
| ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റ് നിർമ്മാണം, പ്രോജക്ട് നം.-93/19 | 09.08.2018 | 05.09.2018 |

# 1-24 ഇ-ടെൻഡർ ഫോറം വില ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

നെൻമണിക്കര പഞ്ചായത്തിൽ നിന്നും മുൻവർഷങ്ങളിലായി ഇ-ടെൻഡർ വിളിച്ച പ്രവൃത്തികളിൽ ജില്ലാ പഞ്ചായത്തിൽ നിന്നും താഴെ ചേർക്കും പ്രകാരം ടെൻഡർ ഫോറം വിലയിൽ ആകെ 129368/- രൂപ ലഭിക്കാനുള്ളതായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. കുടിശ്ശിക ഉൾപ്പെടെ ഈടാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

| വർഷം | തുക |
|---|---|
| 2015-16 | 23940 |
| 2016-17 | 19950 |
| 2017-18 | 21414 |
| 2018-19 | 64064 |
| ആകെ | 129368 |

# 1-25 പാഴായി എൽ.ഐ പദ്ധതി - പണി ദീർഘിപ്പിച്ചതിന് ഫയലിൽ വിശദീകരണം ചേർത്തിട്ടില്ല.

ഈ പ്രവൃത്തിക്കായി 28/03/2017 ന് എഗ്രിമെന്റിലേർപ്പെടുകയും അന്നു തന്നെ സൈറ്റ് ഹാൻഡ് ഓവർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ടെക്നിക്കൽ സാംങ്ഷൻ ഓർഡർ പ്രകാരം നാലു മാസമായിരുന്നു കാലാവധി. എന്നാൽ ഈ നാലു മാസക്കാലയളവിൽ ഒരു പ്രവൃത്തിയും നടന്നതായി രേഖയില്ല. പിന്നീട് 27/01/2018 ന് നടന്ന പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗിൽ ഒൻപത് മാസങ്ങൾക്കു ശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്തതായി കാണുന്നു. ശേഷം പണി പൂർത്തീകരിക്കുന്നത് 31/03/2018 ൽ മാത്രമാണ്. എഗ്രിമെന്റ് പിരീഡിനകത്ത് പണി നടത്താതിരുന്നതിനും, അതിനകത്തു തന്നെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനും കഴിഞ്ഞിട്ടില്ല എന്നതിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-19) അസി.എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. മറുപടി പ്രകാരം ഈ പ്രവൃത്തി ജില്ലാപഞ്ചായത്ത് പ്രവർത്തിയുടെ തുടർച്ചയാണ് എന്നും ആദ്യപടി പ്രവർത്തികൾ ജില്ലാപഞ്ചായത്ത് ചെയ്യാൻ വൈകിയതാണ് പ്രവൃത്തി വൈകാൻ ഇടയാക്കിയത് എന്നും ചേർത്തിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനും നിയമപ്രകാരം പുലർത്തേണ്ട ജാഗ്രത പുലർത്തിയിട്ടില്ല എന്ന് ഓഡിറ്റിൽ നിരീക്ഷിക്കുന്നു.

1. തന്റേതല്ലാത്ത കാരണത്താലാണ് പ്രവർത്തി നീണ്ടുപോയത് എന്ന് ഉറപ്പുണ്ടായിരുന്നെങ്കിൽ നിശ്ചിതസമയത്ത് ഈ വിവരം രേഖാമൂലം അസി.എഞ്ചിനീയറെ അറിയിക്കേണ്ട ഉത്തരവാദിത്വം കരാറുകാരനുണ്ടായിരുന്നു. അത് ചെയ്തിട്ടില്ല.

2. കരാറുകാരൻ നിശ്ചിത സമയത്ത് പണി പൂർത്തീകരിക്കാതിരുന്നിട്ടും ആയതിന്റെ കാരണം തിരക്കുകയോ, വ്യക്തമാണ് എങ്കിൽ പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് സമയം നീട്ടിനൽകുന്ന സപ്ലിമന്ററി എഗ്രിമെന്റ് വെക്കുകുകയോ ചെയ്യാനുള്ള ബാധ്യത നിർവ്വഹണ ഉദ്യോഗസ്ഥനുണ്ടായിരുന്നു. അത് പാലിക്കപ്പെട്ടില്ല.

3. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നത് പ്രവർത്തി നിശ്ചയമായും ചെയ്യേണ്ട യഥാർത്ഥ കാലാവധിക്കു ശേഷമാണ് (9 മാസത്തിനു ശേഷം) പ്രവൃത്തിയുമായി ബന്ധപ്പെട്ട ഒരു സമയ നിഷ്കർഷ ആരും പുലർത്തുന്നില്ല എന്നാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്.

4. എഞ്ചിനീയറും കരാറുകാരനും ചേർന്ന് ഒപ്പിട്ട കരാറിലെ ഖണ്ഡിക-6, 7,9 എന്നിവയിലെ വ്യവസ്ഥകൾ സമയബന്ധിതമായി പണി പൂർത്തീകരിക്കണമെന്നും, മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ പണി നീണ്ടു പോകുന്ന പക്ഷം കൈക്കൊള്ളേണ്ട നടപടികളെക്കുറിച്ചുമാണ്. ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന് ഇത്തരം കാര്യങ്ങളിൽ ശ്രദ്ധക്കുറവുണ്ടായി എന്ന് വ്യക്തമാണ്.

ഏതൊരു പ്രവൃത്തിയും പൂർത്തീകരിക്കാനുള്ള മതിയായ കാലാവധി ടെൻഡർ നോട്ടീസിൽത്തന്നെ ചേർക്കേണ്ടതാണ്. അത് എഗ്രിമെന്റിലും എഗ്രിമെന്റ് രജിസ്റ്ററിലും ചേർക്കുകയും കരാറുകാരെ വ്യവസ്ഥകൾ കാണിച്ച് ബോധ്യപ്പെടുത്തേണ്ടതുമാണ്. ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

സമാനമായ രണ്ട് പ്രവൃത്തികളുടെ വിവരം കൂടി താഴെ ചേർക്കുന്നു.

A. ലളിത കലാസമിതി കിഴക്കേ ബ്രാഞ്ച് റോഡ് റീ ടാറിങ്ങ് കാനനിർമ്മാണം
എഗ്രിമെന്റ് നമ്പർ. 01/AE/LSGD/NMK/17-18 തീയതി. 10/02/2017 പ്രകാരമുള്ള 2016-17 വർഷത്തെ ഈ പ്രവൃത്തിയിൽ 120 കി.മി റോഡിന് റീടാറിംഗും, കാനയും ആണ് ലക്ഷ്യമിട്ടിരുന്നത് എന്ന് കാണുന്നു. ടെക്നിക്കൽ സാംങ്ഷൻ ഓർഡർ പ്രകാരം കാലാവധി 3 മാസം മാത്രമാണ്. ആദ്യ പാർട്ട് ബില്ല് 31/05/2017 ന് പൂർത്തീകരിച്ച പ്രവർത്തികൾ പ്രകാരം നൽകി. 29/08/2017 ന് നടന്ന സാധാരണ മീറ്റിംഗിലെ 6-ാം നമ്പർ തീരുമാനപ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിന് പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകി. എന്നാൽ മെഷർമെന്റ് ബുക്കുകൾ പരിശോധിച്ചതു പ്രകാരം വീണ്ടും പണി ആരംഭിച്ചത് 20/03/2018 ൽ മാത്രമാണ്. എസ്റ്റിമേറ്റ് റിവൈസ് ചെയ്തു എന്നിരുന്നാൽ പോലും ശേഷം പണി ആരംഭിക്കാൻ ഏഴ് മാസത്തോളമെടുത്തിട്ടുണ്ട്. ഈ പ്രവർത്തിയുടെ ഒരു ഘട്ടത്തിലും സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുകയോ പഞ്ചായത്ത് ഭരണസമിതി സമയം നീട്ടി നൽകുകയോ ചെയ്തിട്ടില്ല. എന്നാൽ ഫൈനൽ ബിൽ നൽകിയപ്പോൾ നിയമാനുസൃതം കരാർലംഘനത്തിനുള്ള പിഴ ഈടാക്കിയതായും കാണുന്നില്ല. ഇതിനുള്ള മറുപടിയായി അസി.എഞ്ചീനീയർ അറിയിച്ചത് മഴക്കാലമായതിനാൽ റീടാറിംഗ് നടന്നില്ല എന്നാണ്. ഇതിനും നിയമാനുസരണം എടുക്കേണ്ട നടപടികൾ ഒന്നും എടുത്തിട്ടില്ല എന്ന് കാണാവുന്നതാണ്.

B. വായനശാല നവീകരണം എന്ന പ്രോജക്ടിന്റെ കാലാവധി അഞ്ച് മാസമാണ്. 22/12/2017 ൽ എഗ്രിമെന്റ് വെച്ച ഈ പ്രവൃത്തി പൂർത്തീകരിക്കുന്നത് 16/01/2019 ൽ മാത്രമാണ്. ഇതിന്റെ ആദ്യ മെഷർമെന്റ് എടുത്തിരിക്കുന്നത് 04/10/2018 ൽ മാത്രമാണ്. റിവൈസ്ഡ് എസ്റ്റിമേറ്റിന് പഞ്ചായത്ത് ഭരണസമിതി അനുവാദം നൽകിയത് പണി പൂർത്തീകരിച്ച അതേ ദിവസം തന്നെയാണ് എന്നു കാണുന്നു. ഇതിന് അസി.എഞ്ചിനീയർ മറുപടി നൽകിയത് പണിക്കിടയിൽ പ്രാദേശിക എതിർപ്പു മൂലം പണി നീണ്ടു പോയി എന്നാണ്. ഈ പ്രവൃത്തിയിലും മേൽ ചൂണ്ടിക്കാട്ടിയതു പോലെ നിയമാനുസരണം കൈക്കൊള്ളേണ്ട നടപടികൾ ഒന്നും കൈക്കൊണ്ടില്ല എന്നു കാണാവുന്നതാണ്.

## 1-26 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുക-വാർഷികകണക്കിലോ മറ്റ് രേഖകളിലോ ഉൾപ്പെടാത്തത് സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിലെ വാർഡ്-3 ലെ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ എന്ന പ്രവൃത്തിക്കായി കേരള വാട്ടർ അതോറിറ്റി 1,90,000/- രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റിയുടെ 16.11.18-ലെ അജണ്ട 1, തീരുമാനം 1(1) പ്രകാരം 2011-12 സാമ്പത്തിക വർഷത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ പഞ്ചായത്ത് നിക്ഷേപിച്ചിരുന്നതും ഇപ്പോൾ നിർവ്വഹണം ആവശ്യമില്ലാത്തതുമായ 2,00,000/- രൂപയിൽനിന്നും മേൽ പ്രവൃത്തിക്കാവശ്യമായ തുക ഉപയോഗിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി അധികാരികളെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്ന ഡെപ്പോസിറ്റ് രജിസ്റ്റർ, 2018-19-ലെ വാർഷികകണക്കുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും കേരള വാട്ടർ അതോറിറ്റിയിൽ 2 ലക്ഷം രൂപ നിക്ഷേപമുള്ളതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്തിന്റെ രേഖകളിലും വാർഷികകണക്കിലും പ്രസ്തുത തുക ഉൾപ്പെടാത്തതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി(നം.5) നൽകിയിരുന്നതിന് വാർഷികകണക്കിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ IKM-മായി ചേർന്ന് സ്വീകരിക്കാമെന്ന മറുപടി ലഭിച്ചിട്ടുണ്ട്.

വാട്ടർ അതോറിറ്റിയുടെ കൈയ്യിലുണ്ടായിരുന്ന ചെറുതല്ലാത്ത ഈ തുകയെ സംബന്ധിച്ച് പഞ്ചായത്തിന് ദീർഘനാളായി അറിവുണ്ടായിരുന്നില്ലയെന്നത് പഞ്ചായത്തിന്റെ പരിമിത വിഭവങ്ങൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നില്ല എന്നതിന് ഉദാഹരണമാണ്. തെരഞ്ഞെടുക്കപ്പെട്ട അധികാരികളുടെയും ഉദ്യോഗസ്ഥരുടെയും ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-27 ഫണ്ടുകളുടെ വിനിയോഗം - ഒരു അവലോകനം

2018-19 സാമ്പത്തിക വർഷത്തിൽ വിവിധ കേന്ദ്രങ്ങളിൽനിന്നും ഗ്രാമപഞ്ചായത്തിന് ലഭിച്ച ഫണ്ടിനങ്ങളുടെയും അവ ചെലവഴിച്ചതിന്റെയും ഒരു നേർചിത്രം താഴെ കൊടുക്കുന്നു;

| ഫണ്ട് | | അടങ്കൽ | ചെലവ് | % |
|---|---|---|---|---|
| വികസന ഫണ്ട്(പൊതുവിഭാഗം) | | 1,36,02,391 | 1,18,98,110 | 87.47 |
| എസ്.സി.പി. | | 57,40,000 | 43,89,408 | 76.47 |
| ടി.എസ്.പി. | | 93,000 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | | 81,67,910 | 55,47,238 | 67.92 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | 9,13,803 | 4,15,491 | 45.46 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | 12,56,250 | 0 | 0 |
| തനത് ഫണ്ട് | | 75,07,070 | 49,77,925 | 66.31 |
| ബ്ലോക്ക് പഞ്ചായത്ത് | | 20,22,481 | 9,11,131 | 45.05 |
| ജില്ലാ പഞ്ചായത്ത് | | 14,82,906 | 8,22,906 | 55.49 |
| മെയിന്റനൻസ് ഗ്രാന്റ് | റോഡ് | 1,16,26,000 | 75,40,228 | 64.86 |
| | റോഡിതരം | 32,21,000 | 26,00,590 | 80.74 |

| | | | |
|---|---|---|---|
| മറ്റുള്ളവ | 70,25,532 | 29,16,317 | 41.51 |
| ആകെ | 6,26,58,343 | 4,20,19,344 | 67.06 |

മേൽ പട്ടികയിൽ നിന്നും സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന് ലഭ്യമായ ഫണ്ടിന്റെ 67% മാത്രമാണ് ചെലവഴിക്കാൻ സാധിച്ചിട്ടുള്ളതെന്ന് കാണാം.

2018-19 സാമ്പത്തിക വർഷത്തെ പദ്ധതിരേഖ പ്രകാരം മുൻഗണന നൽകേണ്ട വിഷയമേഖലകളെ സംബന്ധിച്ച് പരാമർശിക്കുന്നുണ്ടെങ്കിലും ചെലവഴിക്കലിന്റെ ശതമാനം പരിഗണിക്കുമ്പോൾ പഞ്ചായത്തുതന്നെ തയ്യാറാക്കിയ പദ്ധതിരേഖയോട് നീതി പുലർത്തിയതായി കാണാൻ സാധിക്കുന്നില്ല.

പദ്ധതിരേഖ പ്രകാരം വികസനലക്ഷ്യങ്ങൾ ഏറെയുണ്ടെങ്കിലും പ്രസ്തുത ലക്ഷ്യങ്ങൾക്കായുള്ള ചെലവഴിക്കലിന്റെ ശതമാനം പരിഗണിക്കുമ്പോൾ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാൻ പര്യാപ്തമാണോയെന്ന് പരിശോധിക്കേണ്ടതാണ്. ഉദാഹരണത്തിന് കൃഷി മേഖലയിൽ ആകെ അടങ്കൽ 27,19,223/- രൂപയും ആകെ ചെലവ് 16,73,312/- രൂപയുമാണ്. അടങ്കലിന്റെ 62% മാത്രമാണ് ചെലവ്. 14 ഹെക്ടർ വിസ്തൃതിയിലുണ്ടായിരുന്ന നെൽകൃഷി 19 ഹെക്ടറിലേക്ക് വ്യാപിപ്പിക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും കേരളത്തിന്റെ പ്രത്യേകസാഹചര്യം പരിഗണിക്കുമ്പോൾ ഇത് ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്. കേരളത്തിന്റെ മുഖമുദ്രയായ തെങ്ങ്കൃഷി വൻ പ്രതിസന്ധിയിലാണെന്ന് പദ്ധതിരേഖയിൽത്തന്നെ പ്രതിപാദിക്കുന്നുണ്ടെങ്കിലും 2018-19 സാമ്പത്തികവർഷത്തിൽ പ്രത്യേകപദ്ധതികളൊന്നും ഈ മേഖലയിൽ വിഭാവനം ചെയ്തതായി കാണുന്നില്ല.

പദ്ധതിരേഖ പ്രകാരം പഞ്ചായത്തിൽ പട്ടികവർഗ്ഗ ജനസംഖ്യ 42 ഉണ്ടെങ്കിലും പദ്ധതിരേഖയിലെ 12-ാം പഞ്ചവത്സര പദ്ധതി (2012-17) വിലയിരുത്തലിൽ ഈ ജനവിഭാഗത്തിനെ സംബന്ധിച്ച് പരാമർശമൊന്നും ഇല്ല. കൂടാതെ 2018-19 സാമ്പത്തിക വർഷത്തിൽ ഈ മേഖലയിലുള്ള ചെലവഴിക്കലിന്റെ ശതമാനം 0 ആണ്.

പ്രാദേശിക സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുന്നതിനുള്ള 2018-19 സാമ്പത്തിക വർഷത്തെ ഏക പദ്ധതിയായ 'വ്യക്തിഗത തൊഴിൽ സംരംഭം (വനിത)' എന്ന പദ്ധതിയുടെ ആകെ അടങ്കൽ 10 ലക്ഷം രൂപയാണെങ്കിലും ചെലവ് 5 ലക്ഷംരൂപ മാത്രമാണ്. സുലേഖ സോഫ്റ്റ് വെയറിൽ നിന്നുമുള്ള ചെലവ് പത്രിക പരിശോധിക്കുമ്പോൾ പദ്ധതിക്കായി ഗുണഭോക്തൃ വിഹിതം വകയിരുത്തിയിരുന്നെങ്കിലും അടവാക്കിയതായി കാണുന്നില്ല. സ്വയം തൊഴിലിന് വ്യക്തികളെ പ്രാപ്തരാക്കുന്ന തരത്തിലുള്ള അന്തരീക്ഷം പഞ്ചായത്തിൽ സൃഷ്ടിക്കുന്നതിനുപയുക്തമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് വേണ്ടത്ര ശ്രദ്ധ അധികാരികളുടെ ഭാഗത്തുനിന്നും ഉണ്ടാവേണ്ടതുണ്ട്.

# 1-28 രശീതി, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭിക്കാത്തത് സംബന്ധിച്ച്

2018-19 സാമ്പത്തിക വർഷത്തിൽ വിവിധ സ്ഥാപനങ്ങളിൽ തുക അടവാക്കിയതും എന്നാൽ രശീതി, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭിക്കാത്തതുമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | ബിൽ വിവരങ്ങൾ | റിമാർക്സ് |
|---|---|---|---|
| 1 | IKMസാങ്കേതിക സഹായത്തിനുള്ള ഫീസ്<br>(so 10/19) | 14/18.7.18 | IKM-ന്റെ രശീതി ലഭിച്ചിട്ടില്ല. |
| | | | |

| | | | |
|---|---|---|---|
| 2 | അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ<br>(so 133/19) | 1/24.5.18<br>Rs.23,000<br>2/24.5.18<br>Rs.20,000 | വാട്ടർ അതോറിറ്റിയിൽ നിന്നും വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. |
| 3 | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ<br>(so 134/19) | 6/30.5.18<br>Rs.80,000<br>22/26.11.18<br>Rs.24,000 | വാട്ടർ അതോറിറ്റിയിൽ നിന്നും വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. |
| 4 | സുശാന്തം-വയോജനക്ഷേമ കേന്ദ്ര പ്രവർത്തനം-ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ (so 119/19) | 13/18.7.18<br>Rs.50,000 | ജില്ലാ പഞ്ചായത്തിൽ നിന്നും രശീതി, വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചില്ല. |

രശീതി, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കാനുള്ള നടപടികളെടുക്കേണ്ടതാണ്.

# ഭാഗം -2
# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

- •

ഇല്ല

# ഭാഗം -3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

- •

ഇല്ല

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും
## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച

# ഫണ്ടുവിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 25000(OB) | - | - | - | 25000 |
| | 2018-19 | 12000 | ബേബിഫ്രണ്ട്ലി ടോയ്ലറ്റ് | 0 | 12000 |
| | | 110500 | പ്രോജക്ട് നം. 71, നെൽകൃഷിക്ക് വിത്ത്, വളം, കുമ്മായം സബ്സിഡി | 110500 | - |
| | | 531765 | ലൈഫ്- ഭവന നിർമ്മാണം | 531765 | |
| | | 100000 | സാന്ത്വന പരിചരണം | - | 100000 |
| | | 100000 | ഭിന്നശേഷിക്കാർക്കുള്ള മുച്ചക്ര വാഹനം | 68958 | 31042 |
| | | 200000 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് | 200000 | - |
| | 142011(OB) | - | അങ്കണവാടി നിർമ്മാണം | - | 142011 |
| ആകെ (ബ്ലോക്ക് പഞ്ചായത്ത്) | 167011(OB) | 1054265 | 1221276 | 911223 | 310053 |
| ജില്ലാ പഞ്ചായത്ത് | 145416(OB) | - | - | - | 145416 |
| | 2018-19 | 252906 | ലൈഫ് ഭവന നിർമ്മാണം | 252906 | - |
| | | 160000 | മണലിപുഴ സംരക്ഷണം- ജലരക്ഷ- ജീവരക്ഷ | - | 160000 |
| ആകെ (ജില്ലാ പഞ്ചായത്ത്) | 145416(OB) | 412906 | 558322 | 252906 | 305416 |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ /ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ വാർഡ് 11&15 | 21800563/ 16.5.2018 | 23000 | - | 23000 |
| “ | “ | 21800564/ 16.5.2018 | 20000 | - | 20000 |
| “ | കുടിവെള്ള വിതരണ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 21800653/ 18.5.2018 | 80000 | - | 80000 |
| “ | “ | 21800732/ 24.11.2018 | 24000 | - | 24000 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ 130/19 | 21800652/ 18.5.2018 | 34000 | - | 34000 |
| „ | „ (13/18-19) | 21800737/ | 9131 | - | 9131 |

| | | | | | |
|---|---|---|---|---|---|
| | | 30.11.2018 | | | |
| ,, | ,, (202/18-19) | 21801233/ 18.3.2019 | 212562 | - | 212562 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

# 4-5 സ്ഥിര നിക്ഷേപം

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 3.2.10.1 | ലഭ്യമല്ല | - | തൊഴിൽ നികുതി നൽകുവാൻ ബാദ്ധ്യസ്ഥരായ കമ്പനികളുടേയും വ്യക്തികളുടേയും വിവരങ്ങൾ എഴുതി സൂക്ഷിക്കാത്തത്. | 29.06.17 ന് നടന്ന നിയമസഭാസമിതി സിറ്റിംഗിൽ പങ്കെടുത്തിട്ടുണ്ട്. |
| 2005-06 | 3.2.10.6 | ലഭ്യമല്ല | - | കൃഷിക്കാർക്ക് നികുതി ചുമത്താത്തത് | 29.06.17 ന് നടന്ന നിയമസഭാസമിതി സിറ്റിംഗിൽ പങ്കെടുത്തിട്ടുണ്ട്. |
| 2005-06 | 3.2.10.7 | ലഭ്യമല്ല | - | കരാറുകാർക്ക് നികുതി ചുമത്താത്തത് | 29.06.17 ന് നടന്ന നിയമസഭാസമിതി സിറ്റിംഗിൽ പങ്കെടുത്തിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| 2005-06 | 3.2.10.8 | ലഭ്യമല്ല | - | വാഹന ഉടമകൾക്ക് നികുതി ചുമത്താത്തത് | 29.06.17 ന് നടന്ന നിയമസഭാസമിതി സിറ്റിംഗിൽ പങ്കെടുത്തിട്ടുണ്ട്. |
| 2005-06 | 3.2.10.9 | ലഭ്യമല്ല | - | നിക്ഷേപങ്ങളിൽ നിന്നുള്ള വരുമാനത്തിന് നികുതി ചുമത്താത്തത് | 29.06.17 ന് നടന്ന നിയമസഭാസമിതി സിറ്റിംഗിൽ പങ്കെടുത്തിട്ടുണ്ട്. |
| 2005-06 | 3.2.12.2 | ലഭ്യമല്ല | - | അസ്സസ്സ്മെൻറ് ബുക്കുകൾ സൂക്ഷിക്കാത്തത്. | 29.06.17 ന് നടന്ന നിയമസഭാസമിതി സിറ്റിംഗിൽ പങ്കെടുത്തിട്ടുണ്ട്. |
| 2005-06 | 3.2.12.4 | ലഭ്യമല്ല | - | പിരിച്ച തുകകൾ ഡിമാൻറ് ആയി രേഖപ്പെടുത്തുന്നത്. | 29.06.17 ന് നടന്ന നിയമസഭാസമിതി സിറ്റിംഗിൽ പങ്കെടുത്തിട്ടുണ്ട്. |
| 2005-06 | 3.2.12.5 | ലഭ്യമല്ല | - | ഡി.സി.ബി പത്രിക സമയത്തിന് തയ്യാറാക്കാത്തത് | 29.06.17 ന് നടന്ന നിയമസഭാസമിതി സിറ്റിംഗിൽ പങ്കെടുത്തിട്ടുണ്ട്. |
| 2005-06 | 3.2.15.1 | ലഭ്യമല്ല | - | ആന്തരിക നിയന്ത്രണം നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ പാലിക്കാത്തത്. | 29.06.17 ന് നടന്ന നിയമസഭാസമിതി സിറ്റിംഗിൽ പങ്കെടുത്തിട്ടുണ്ട്. |
| 2004-05 | 3-7 | 2009-10 | 2.8(11) | 1. അമ്പലക്കടവ് എസ്.സി കോളനി സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ കെ.എസ്.ഇ.ബി യിൽ അടച്ചത്.<br><br>2. സ്ട്രീറ്റ് ലൈറ്റ് വിപുലീകരണം വൈദ്യുതി ബോർഡിൽ തുക അടച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. | 1. കെ.എസ്.ഇ.ബി യിൽ നിന്നും പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്.<br><br>2.<br><br>കെ.എസ്.ഇ.ബി യിൽ നിന്നും പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. |
| 2004-05 | 3-7 | 2009-10 | 2.10(11) | പാഴായി, മടവാക്കര, നെന്മണിക്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് മെറ്റീരിയൽസ് വാങ്ങിയതിൻറെ വില തൃശ്ശൂർ മൊത്ത വ്യാപാര സഹകരണ സൊസൈറ്റിക്ക് നൽകിയത് രേഖകൾ ഹാജരാക്കിയിട്ടില്ല. | ചെലവായ 519414 രൂപയുടെ രസീതി തൃശ്ശൂർ മൊത്ത വ്യാപാര സഹകരണ സൊസൈറ്റിയിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. |
| 2014-15 (2015-16 ലെ പട്ടികജാതി/ പട്ടികവർഗ്ഗ പദ്ധതി നിർവ്വഹണം സംബന്ധിച്ച പ്രവർത്തന | 2-5(ബി) | 2015-16 | 3-7-7 | പുലക്കാട്ടുകര എസ്.സി സാംസ്കാരിക നിലയത്തിൻറെ പണി പൂർത്തിയായെങ്കിലും പ്രവർത്തിക്കുന്നില്ല. | 7/8/2019 ലെ ബഹു. നിയമസഭാസമിതിയുടെ സിറ്റിംഗിൽ തെളിവെടുപ്പിന് ഹാജരായിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| ക്ഷമത റിപ്പോർട്ട്) | | | | | |

# 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമാക്കിയിട്ടില്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹70332243 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹58053406 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹196250 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 40000 | എം.വിജയലക്ഷ്മി, സെക്രട്ടറി |
| 1-22 | 156250 | സുമി ചന്ദ്രൻ.പി, വെറ്റിനറി സർജൻ |
| ആകെ | ₹196250 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.എം.വിജയലക്ഷ്മി | സെക്രട്ടറി, | കിഴിയേടത്ത് ഹൌസ്, തൃക്കൂർ |

| | | |
|---|---|---|
| | നെന്മണിക്കര ഗ്രാമപഞ്ചായത്ത് | പി.ഒ |
| സുമിചന്ദ്രൻ | വെറ്ററിനറി സർജൻ | പനവളപ്പിൽ ഹൌസ്, ചന്ദ്രോദയം, മാടക്കത്തറ ഹെൽത്ത് സെന്ററിന് എതിർവശം, മാടക്കത്തറ.പി.ഒ |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1984-85 | എൽ.എഫ് നം.പി6-2121/13 തിയതി 05/08/2014 ഓഡിറ്റ് അദാലത്തിൽ തീർപ്പാക്കിയ വിവരങ്ങൾ | 1 | തീർപ്പാക്കുന്നതിന് മറുപടി തയ്യാറാക്കി വരുന്നു. |
| 1988-89, 89-90 | “ | 1 | “ |
| 1991-92 | “ | 3 | “ |
| 1992-93, 93-94 | “ | 4 | “ |
| 1996-97 | “ | 1 | “ |
| 1997-98 | “ | 1 | “ |
| 1998-99 | “ | 4 | “ |
| 1999-2000 | “ | 2 | “ |
| 2000-2001 | “ | 1 | “ |
| 2001-2002 | “ | 5 | “ |
| 2001-2002 (NP) | “ | 1 | “ |
| 2002- | “ | 5 | “ |

| | | | |
|---|---|---|---|
| 03 | | | |
| 2003-04 | “ | 8 | “ |
| 2004-05 | “ | 5 | “ |
| 2005-06 | “ | 3 | “ |
| 2006-07 | | 9 | “ |
| 2007-08 | | 6 | ഓഡിറ്റ് അദാലത്തിൽ സമർപ്പിക്കുന്നതിന് മറുപടി തയ്യാറാക്കിയിട്ടുണ്ട്. |
| 2008-09 | | 4 | “ |
| 2009-10 | | 2 | “ |
| 2010-11 | | 9 | “ |
| 2011-12 | | 14 | “ |
| 2012-13 | എൽ.എഫ്.ടി 6-316/15 തീ. 06-04-2015 | 10 | “ |
| 2013-14 | കെ.എസ്.ടി.എസ്.ആർ (പി6) 187/15 തീ. 22/2/2016 | 14 | “ |
| 2014-15 | കെ.എസ്.ടി.എസ്.ആർ (പി6) 941/16 തീ. 26-05-2017 | 12 | “ |
| 2015-16 | കെ.എസ്.ടി.എസ്.ആർ (പി6) 1908/16 തീ. 03-04-18 | 5 | “ |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ (പി6) 1521/2017 തീ. 19/12/2018 | 14 | “ |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ (പി6) 446/19, തീ.12.06.19 | 18 | “ |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# <u>അനുബന്ധം-1</u> <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം - 2 ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം (Audited Abstract) |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ